"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭയിൽ ആയത്തിൽ സ്നേഹനഗർ 146, പുവാനിശ്ശേരി വീട്ടിൽ ശ്രീമതി രമണിയ്ക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2119/2025/LSGD  തീയതി,തിരുവനന്തപുരം, 26-08-2025

---

പരാമർശം:-
1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/02/2025 ലെ 4446/സിസി/2019/ലൈഫ്(1) നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 24/06/2025ലെ ഖണ്ഡിക 4.59 തീരുമാനം.

**ഉത്തരവ്**

2017 ലെ ലൈഫ് പദ്ധതിയിലെ ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട കൊല്ലം നഗരസഭയിലെ ആയത്തിൽ സ്നേഹനഗർ 146, പുവാനിശ്ശേരി വീട്ടിൽ ശ്രീമതി രമണി ഉൾപ്പെട്ട റേഷൻകാർഡിലെ വേറൊരു അംഗത്തിന് സ്വന്തമായി വീടുള്ളതിനാൽ ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന മകനുൾപ്പെടുന്ന ശ്രീമതി രമണിയുടെ കുടുംബത്തിന് നിലവിലെ മാനദണ്ഡങ്ങളിൽ ഇളവുനൽകി ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നൽകാവുന്നതാണെന്ന് പരാമർശം 1 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. റേഷൻകാർഡിലെ വേറൊരു അംഗത്തിന് വീട് ലഭിച്ചത് ലൈഫ് പദ്ധതിയിലല്ല എന്നതും, കുടുംബനാഥയ്ക്ക് മാനസിക വെല്ലുവിളികൾ നേരിടുന്ന മകനുണ്ട് എന്നതും പരിഗണിച്ച്, കൊല്ലം നഗരസഭയിൽ ആയത്തിൽ സ്നേഹനഗർ 146, പുവാനിശ്ശേരി വീട്ടിൽ ശ്രീമതി രമണിയ്ക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ

ശ്രീമതി.രമണി (സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sheeba. S. C**
**Date: 27-08-2025 14:25:35**

സെക്ഷൻ ഓഫീസർ